(ഡി) പുതിയ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി എന്നാണ് സർക്കാരിൽ ലഭിച്ചത് ; ഇതിന് അനുമതി നൽകിയോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഇ) വർഷംതോറും എസ്റ്റിമേറ്റ് പുതുക്കുകയും എന്നാൽ പ്രസ്തുത എസ്റ്റിമേറ്റിന് ഭരണാനുമതി നൽകാതിരിക്കുകയും ചെയ്യുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(എഫ്) അപകടാവസ്ഥയിലായ പാലം പുനഃനിർമ്മിക്കാൻ അടിയന്തരമായി സ്വീകരിക്കാൻ പോകുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) തിരുർമണ്ഡലത്തിലെ അത്തിപ്പൊറ്റ പാലം പുനർനിർമ്മിക്കുന്നതിന് സ.ഉ (സാധാ) നമ്പർ 1185/2009/പൊ.മ.വ തീയതി 14-8-2009 പ്രകാരം 335 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കായി 1.25 ലക്ഷം രൂപയുടെ ഭാഗിക സാങ്കേതികാനുമതി നൽകുകയും ചെയ്തിരുന്നു. റിവൈസ്ഡ് SOR 2010 പ്രകാരം 5 കോടി രൂപയുടെ എസ്റ്റിമേറ്റ് 2011-ൽ തയ്യാറാക്കിയെങ്കിലും ഭരണാനുമതി നൽകുകയുണ്ടായില്ല. ടി പാലം പുനർ നിർമ്മാണത്തിനു 800 ലക്ഷം രൂപയുടെ പുതിക്കിയ ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചുവരുന്നു.

(സി) പാലം നിർമ്മാണത്തിന് ആവശ്യമായ സർക്കാർ പുറമ്പോക്ക് ഭൂമി കണ്ടെത്തിയിട്ടുണ്ട്.

(ഡി-എഫ്) പുതിയ എസ്റ്റിമേറ്റ് 6-3-2015-ൽ ആണ് സർക്കാരിൽ ലഭിച്ചിട്ടുള്ളത്. പുതുക്കിയ ഭരണാനുമതി നൽകുന്നതിനായി ടി എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു.

കൊല്ലം നഗരപരിധിയിലെ റോഡുകളുടെ നവീകരണം

273 (1317) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം നഗരപരിധിയിലെ റോഡുകളുടെ നവീകരണത്തിനായി ഏതെല്ലാം റോഡുകളെ ഉൾപ്പെടുത്തിയാണ് 8735 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് ; ഓരോ റോഡിനും വരുന്ന എസ്റ്റിമേറ്റ് തുക എത്ര ;

(ബി) 2015-16 സാമ്പത്തിക വർഷം പ്രസ്തുത റോഡുകളുടെ നവീകരണത്തിന് വേണ്ടി ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) വിശദാംശങ്ങൾ തയ്യാറായി വരുന്നതേയുള്ളൂ.

കൊല്ലം-മുചുകുന്ന് റെയിൽവേ മേൽപാലം

274 (1318) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊയിലാണ്ടി മണ്ഡലത്തിൽ കൊല്ലം-മുചുകുന്ന് റെയിൽവേ മേൽപാലം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായി എന്ന് വിശദമാക്കാമോ ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

സ്പീഡ് കേരള പരിപാടി

275 (1319) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പീഡ് കേരള പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 23 പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ ;

(ബി) ഇതിന്റെ ഭാഗമായി ഭരണാനുമതി നൽകിയ പദ്ധതികൾ ഏതെല്ലാമാണ് എന്നും ബാക്കി പദ്ധതികൾക്ക് എന്നത്തേക്ക് ഭരണാനുമതി നൽകാനാകും എന്നും ഭരണാനുമതി നൽകിയ പദ്ധതികളിൽ പ്രവർത്തനം ആരംഭിച്ച പദ്ധതികൾ ഏതെല്ലാം എന്നും വെളിപ്പെടുത്താമോ ;

(സി) ഏതെല്ലാം നിർമ്മാണ പ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യങ്ങളും നടത്താനാണ് ഈ പരിപാടിയിൽ ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(ഡി) പരിപാടിയിൽ പദ്ധതികൾ ഉൾപ്പെടുത്താൻ സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ഇ) ഇത്തരം മാനദണ്ഡം ഉള്ള സ്ഥലങ്ങളെ പദ്ധതിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ടോ എങ്കിൽ ഒഴിവാക്കാനുള്ള കാരണം വിശദീകരിക്കാമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly